# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 612

## (02.12.2014 ലെ മറുപടിക്ക്)

**പഴയങ്ങാടിയിലെ ട്രഷറി കെട്ടിട നിർമ്മാണം**

**ചോദ്യം**
**ശ്രീ.ടി.വി.രാജേഷ്**

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പഴയങ്ങാടി ട്രഷറി കെട്ടിട നിർമ്മാണം ഇൻകെൽ ഉപേക്ഷിച്ച സാഹചര്യത്തിൽ ഏത് ഏജൻസി യെയാണ് കെട്ടിട നിർമ്മാണം ഏൽപിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | ട്രഷറി വകുപ്പിൽ ഇൻകെൽ ഉപേക്ഷിച്ചതും പുതിയതായി തുടങ്ങേണ്ടതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത വിഷയത്തിൽ ഇതുവരെ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | 27.01.2011-ന് ഭരണാനുമതി ലഭിച്ചെങ്കിലും നാളിതുവരെ നടക്കാത്ത സാഹചര്യത്തിൽ എത്രയും വേഗം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | പഴയങ്ങാടി സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ച 1,60,79,000/- രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിഗണനയിലാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്ത തിനാൽ നടപ്പ് വർഷം ഈ പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്ന കാര്യം പരിഗണി ക്കാനാകില്ല. കൂടാതെ ട്രഷറികളുടെ കെട്ടിടനിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**